**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **15-03-2022 - ൽ മറുപടിയ്ക്ക്**

**ആഗ്രോ സർവ്വീസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറിയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽ രഹിത യുവതിയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത അംഗങ്ങൾക്ക് യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് പരിശീലനം നൽകി, അഗ്രോ സർവ്വീസ് സെന്ററിന്റെ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ കാർഷിക സേവനം കർഷകർക്ക് നൽകി വരുന്നു. അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറിയുടെ പ്രവർത്തനലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്. 1. കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കാണുക. 2. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക. 3. വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക. 4. കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക. 5. കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ഗ്രോബാഗ് നിർമ്മാണം, ജൈവവളം തുടങ്ങിയ ഉല്പാദനോപാദികളുടെ ഉല്പാദനം, വിതരണം. 6. കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക. 7. അഗ്രോ സർവ്വീസ് സെന്ററുകളിലൂടെ ഏറ്റെടുക്കുന്ന വിവിധ പ്രവൃത്തികൾ വഴി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക. |
| (ബി) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആഗ്രോ | (ബി) | ഇല്ല. 25 ചതുരശ്ര മീറ്റർ ആഫീസ് സൗകര്യവും 200 |

| | | | |
|---|---|---|---|
| | സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിയ്ക്കാമോ? | | ച.മീ. മെഷിനറി സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ലഭ്യമാകത്തക്ക രീതിയിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്കും, ഫണ്ട് ലഭ്യത അനുസരിച്ചും ആഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ